കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഹാജർ ബത്ത 01/01/2018 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(അച്ചടി) നം. 09/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 30.01.2018.

==========================================================================

പരാമർശം:- 1. സ.ഉ.(അച്ചടി) നം. 36/2008/തസ്വഭവ തീയതി 07.02.2008.

2. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 18.10.2016-ലെ കെജിപിഎ/എൽപി/2016101804 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഹാജർ ബത്ത പരാമർശം ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. പ്രസ്തുത നിരക്ക് വർദ്ധിപ്പിച്ച നൽകണമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഹാജർ ബത്ത 01/01/2018 മുതൽ പ്രാബല്യത്തോടെ താഴെപ്പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്** | **നിലവിലുള്ള നിരക്ക് (രൂപ)** | **വർദ്ധിപ്പിച്ച നിരക്ക് (രൂപ)** | **പ്രതിമാസം പരമാവധി നൽകാവുന്ന തുക (രൂപ)** |
|---|---|---|---|
| 1 | 2 | 3 | 4 |
| **ഗ്രാമപഞ്ചായത്ത്** | | | |
| പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 75 | 250 | 1250 (5 യോഗങ്ങൾക്ക്) |
| അംഗങ്ങൾ | 60 | 200 | 1000 (5 യോഗങ്ങൾക്ക്) |

| | | | |
|---|---|---|---|
| **ബ്ലോക്ക് പഞ്ചായത്ത്** | | | |
| പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 75 | 250 | 1250 (5 യോഗങ്ങൾക്ക്) |
| അംഗങ്ങൾ | 60 | 200 | 1000 (5 യോഗങ്ങൾക്ക്) |
| **ജില്ലാ പഞ്ചായത്ത്** | | | |
| പ്രസിഡന്റ്/വൈസ് പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 75 | 250 | 1250 (5 യോഗങ്ങൾക്ക്) |
| അംഗങ്ങൾ | 75 | 200 | 1000 (5 യോഗങ്ങൾക്ക്) |
| **മുനിസിപ്പാലിറ്റി** | | | |
| ചെയർമാൻ/ഡെപ്യൂട്ടി ചെയർമാൻ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 75 | 250 | 1250 (5 യോഗങ്ങൾക്ക്) |
| കൗൺസിലർമാർ | 60 | 200 | 1000 (5 യോഗങ്ങൾക്ക്) |
| **കോർപ്പറേഷൻ** | | | |
| മേയർ/ഡെപ്യൂട്ടി മേയർ/സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 75 | 250 | 1250 (5 യോഗങ്ങൾക്ക്) |
| കൗൺസിലർമാർ | 60 | 200 | 1000 (5 യോഗങ്ങൾക്ക്) |

ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അംഗങ്ങളുടെ ഹാജർബത്ത വർദ്ധിപ്പിച്ച് നൽകുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത അവയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗങ്ങളുടെ കാര്യത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി ജെ ഷുക്കൂർ**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ മുനിസിപ്പൽ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
(അച്ചടി-ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണത്തിന്)
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ